**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2269** **16-03-2022 - ൽ മറുപടിയ്ക്ക്**

**സുഭിക്ഷ ഹോട്ടൽ പദ്ധതി നടത്തിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | null<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി ആരംഭിക്കാനുദ്ദേശിക്കുന്ന സുഭിക്ഷ ഹോട്ടൽ പദ്ധതി എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; ഒരു നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന നിലയ്ക്ക് ആദ്യ ഘട്ടത്തിൽ അനുവദിക്കുമോ; പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | സർക്കാരിന്റെ രണ്ടാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന നിലയിൽ സുഭിക്ഷാ ഹോട്ടലുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആവശ്യക്കാർക്ക് 20/-രൂപ നിരക്കിൽ ഉച്ചഭക്ഷണം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം; |
| (ബി) | സുഭിക്ഷ ഹോട്ടൽ നടത്തിപ്പിനായി സ്ഥലം കണ്ടെത്തി നൽകേണ്ടത് തദ്ദേശ സ്ഥാപനങ്ങളാണോ; സ്ഥലത്തിന് വാടക നൽകാൻ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് ഫണ്ട് അനുവദിക്കുമോ; എത്ര ചതുരശ്ര അടിയുള്ള കെട്ടിടങ്ങളാണ് ഇതിനായി കണ്ടെത്തേണ്ടത്; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എൻ.ജി.ഒ.മാർ മുഖേനയോ ഹോട്ടൽ ആരംഭിക്കുന്നതിനുള്ള കെട്ടിടം വാടകരഹിതമായി ലഭ്യമാക്കുന്ന പക്ഷം ആയത് പരിഗണിക്കുന്നതാണ്. അല്ലാത്തപക്ഷം പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിന് ADM അദ്ധ്യക്ഷനായ ജില്ലാതലത്തിലുള്ള സുഭിക്ഷ കമ്മിറ്റിയ്ക്ക് അധികാരം നൽകിയിട്ടുണ്ട്, ഹോട്ടൽ നടത്തിപ്പിന് ആവശ്യം വേണ്ട വിസ്തീർണ്ണത്തിനനുസൃതമായ കെട്ടിടങ്ങൾ, ടോയിലറ്റ് സംവിധാനം ഉൾപ്പെടെ ലഭ്യമാക്കുന്നതിനും ജില്ലാ സുഭിക്ഷാ കമ്മിറ്റിയ്ക്ക് അധികാരം നൽകിയിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത ഹോട്ടലുകളുടെ നടത്തിപ്പ് ചുമതല ആർക്കാണെന്ന് വിശദമാക്കാമോ; കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ഇതിനായി അപേക്ഷ സമർപ്പിക്കാൻ കഴിയുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ, സർക്കാർ ഇതര സംഘടനകൾ, സഹകരണ സംഘങ്ങൾ എന്നിവരെ ഹോട്ടൽ നടത്തിപ്പിനായി പരിഗണിക്കുന്നതും ADMന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന ജില്ലാതല സുഭിക്ഷാ കമ്മിറ്റിയിൽ നിന്നുള്ള അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനം 200/- രൂപ മുദ്രപ്പത്രത്തിൽ ജില്ലാ സപ്ലൈ ഓഫീസറുമായി കരാറിൽ ഒപ്പിടേണ്ടതുമാണ്. |
| (ഡി) | പ്രസ്തുത ഹോട്ടലുകളുടെ നടത്തിപ്പിനായി ഒരു | (ഡി) | പ്രാരംഭ ചെലവുകൾക്കായി പരമാവധി 10 ലക്ഷം |

| | | | |
|---|---|---|---|
| | ഹോട്ടലിന് വർഷത്തിൽ എത്ര രൂപയാണ് സർക്കാർ അനുവദിക്കുക എന്ന് വ്യക്തമാക്കാമോ; ഏതൊക്കെ ഇനങ്ങൾക്കാണ് വകുപ്പ് ഫണ്ട് അനുവദിക്കുന്നത് എന്നും വിശദമാക്കാമോ? | | രൂപ വരെ സുഭിക്ഷാ കമ്മിറ്റിയുടെ അംഗീകാരത്തോടെ അനുവദിക്കുന്നതാണ്. ഹോട്ടൽ നടത്തിപ്പിനാവശ്യമുള്ള ഫർണിച്ചർ, ഫ്രിഡ്ജ്, മിക്സി, ഗ്രൈൻഡർ, പാത്രങ്ങൾ, ബില്ലിംഗ് മെഷീൻ, കെട്ടിടത്തിന്റെ മോടിപിടിപ്പിക്കൽ, വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ, മാലിന്യനിർമ്മാർജ്ജനം തുടങ്ങിയവയ്ക്കായി പ്രാരംഭ ചെലവുകൾക്കായി അനുവദിക്കുന്ന തുകയിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. ആവർത്തന ചെലവിനുള്ള തുകയും അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ